**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2594** **04-03-2025 - ൽ മറുപടിയ്ക്ക്**

**കൈത്തറി മേഖല**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം.വിജിൻ | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | കൈത്തറി മേഖലയുടെ പുരോഗതിക്കും സമഗ്രമായ വികസനത്തിനും തൊഴിലാളികളുടെ വേതനം യഥാസമയം നൽകുന്നതിനും എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ? | (എ) | കൈത്തറി മേഖലയുടെ പുരോഗതിക്കും സമഗ്ര വികസനത്തിനും കൈത്തറി തൊഴിലാളികൾക്ക് വേതനം യഥാസമയം നൽകുന്നതിനുമായി സർക്കാർ നടപ്പിലാക്കി വരുന്ന പ്രധാന പദ്ധതികൾ ചുവടെ ചേർക്കുന്നു.<br><br>**സൗജന്യ കൈത്തറി സ്കൂൾ യൂണിഫോം പദ്ധതി**<br><br>കൈത്തറി മേഖലയിലെ പദ്ധതികളിൽ ഏറ്റവും മുന്നിട്ടു നിൽക്കുന്ന പദ്ധതിയാണിത്. സ്കൂൾ കുട്ടികൾക്ക് ഗുണമേന്മയേറിയ യൂണിഫോം ലഭ്യമാക്കുന്നതിനും കൈത്തറി നെയ്ത്തു തൊഴിലാളികൾക്ക് മെച്ചപ്പെട്ട വരുമാനവും കൂടുതൽ തൊഴിൽ ദിനങ്ങളും ലഭ്യമാക്കുന്നതിന് വേണ്ടിയാണ് സർക്കാർ പ്രസ്തുത പദ്ധതി നടപ്പിലാക്കി വരുന്നത്. നിലവിൽ 6152 നെയ്ത്തുകാരും 1600അനുബന്ധ തൊഴിലാളികളും പദ്ധതിയുടെ ഭാഗമായി പ്രവർത്തിച്ചു വരുന്നു. കൂടാതെ 300 ഓളം പ്രാഥമിക സംഘങ്ങൾ, ഹാന്റക്സ്, ഹാൻവീവ്, ഐ.ഐ. എച്ച്.ടി തുടങ്ങിയ സ്ഥാപനങ്ങളും കേരളത്തിലെ സഹകരണ സ്പിന്നിംഗ് മില്ലുകളും പദ്ധതിയുടെ ഭാഗമായി പ്രവർത്തിച്ചു വരുന്നു. പദ്ധതിക്കായി ഇതുവരെ സർക്കാർ 614.98 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. ആയതിൽ 361.98 കോടി രൂപ നെയ്ത്തു കൂലിയിനത്തിൽ തൊഴിലാളികൾക്ക് വിതരണം ചെയ്തിട്ടുണ്ട്.<br><br>**ഇൻകം സപ്പോർട്ട് സ്കീം**<br><br>ഒരു ദിവസം മിനിമം വേതനമായി 150/- രൂപ വരെ നെയ്ത്തു തൊഴിലാളികൾക്ക് ദിവസ വേതനം ഉറപ്പാക്കുന്നതിനായി തൊഴിൽ വകുപ്പുമായി ചേർന്ന് നടപ്പിലാക്കുന്ന പദ്ധതിയാണിത്. ഒരു വർഷം 100 ദിവസം വരെ നെയ്ത്തു തൊഴിലാളികൾക്ക് ഈ ആനുകൂല്യം ലഭ്യമാകും. ഈ പദ്ധതിയിലൂടെ കൂടുതൽ |

നെയ്ത്തു തൊഴിലാളികളെ കൈത്തറി മേഖലയിലേയ്ക്ക് ആകർഷിക്കാൻ സാധിച്ചിട്ടുണ്ട്.

**പ്രൊഡക്ഷൻ ഇൻസെൻ്റീവ്**

ഒരു നിശ്ചിത അളവിൽ അധികമായി നെയ്ത്തു ജോലി ചെയ്യുന്ന കൈത്തറി തൊഴിലാളിക്ക് നൽകിവരുന്ന പ്രോത്സാഹന ധനസഹായ പദ്ധതിയാണിത്. ജോലിയുടെ ശാസ്ത്രീയമായ മൂല്യ നിർണ്ണയത്തിന്റെ അടിസ്ഥാനത്തിൽ അധികമായി ചെയ്യുന്ന ജോലിക്കനുസരിച്ച് ആനുകൂല്യങ്ങൾ ലഭ്യമാക്കിയും, വാർഷിക വിറ്റുവരവിന്റെ അടിസ്ഥാനത്തിലും അംഗീകൃത മാർഗ്ഗ നിർദ്ദേശപ്രകാരവും നെയ്ത്തുകാർക്കും അനുബന്ധ തൊഴിലാളികൾക്കും പ്രോത്സാഹനം നൽകി ഉല്പാദനക്ഷമത മെച്ചപ്പെടുത്തുക എന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം. 2024-25 സാമ്പത്തികവർഷം പ്രൊഡക്ഷൻ ഇൻസെൻ്റീവ് ഇനത്തിൽ 225 ലക്ഷം രൂപ, സർക്കാരിന്റെ അനുവദനീയമായ പരിധിക്ക് വിധേയമായി, ജില്ലകളിലെ പ്രാഥമിക കൈത്തറി നെയ്ത്ത് സഹകരണ സംഘങ്ങൾക്ക് അനുവദിച്ചു നല്കിയിട്ടുണ്ട്.

കൂടാതെ, കൈത്തറി മേഖലയിലെ പ്രശ്നങ്ങളെക്കുറിച്ച് പഠിക്കുന്നതിനും, കൈത്തറി മേഖലയുടെ പുരോഗതിക്കും സമഗ്രമായ വികസനത്തിനും ഭാവിയിൽ ആവശ്യമായ പദ്ധതികൾ ആവിഷ്കരിക്കുന്നതിനുമായി അഞ്ചംഗ വിദഗ്ധ സമിതി രൂപീകരിക്കുകയുണ്ടായി. ടി സമിതി സമർപ്പിച്ച റിപ്പോർട്ടിലെ ശിപാർശകൾ സർക്കാർ പരിശോധിച്ചു വരികയാണ്.

മേൽ പറഞ്ഞ പദ്ധതികൾക്കു പുറമേ കൈത്തറി മേഖലയുടെ പുരോഗതിക്കും സമഗ്ര വികസനത്തിനും അതു വഴി കൈത്തറി നെയ്ത്തു തൊഴിലാളികളുടെ വേതനം / ജീവിത നിലവാരം മെച്ചപ്പെടുത്തുന്നതിനുമായി താഴെ പ്പറയുന്ന പദ്ധതികൾ കൂടി നടപ്പിലാക്കി വരുന്നു.

1) പ്രാഥമിക കൈത്തറി നെയ്ത്ത് സഹകരണ സംഘങ്ങളിൽ സർക്കാരിന്റെ ഓഹരി പങ്കാളിത്തം

2) ഹാൻ്റക്സ്, ഹാൻവീവ് എന്നിവയിലെ ഓഹരി പങ്കാളിത്തം

3) നെയ്ത്തുകാർക്ക് ഗുണനമയുള്ള അസംസ്കൃത വസ്തുക്കൾ ലഭ്യമാക്കുന്നതിനുള്ള സബ്സിഡി

4) ഗുണമേന്മയുള്ള അസംസ്കൃത വസ്തുക്കൾ വാങ്ങുന്നതിനുള്ള മാർജിൻ മണി വായ്പ

| | | | |
|---|---|---|---|
| | | | 5) കൈത്തറി മേഖലയിൽ സ്വയം തൊഴിൽ സൃഷ്ടിക്കൽ (യുവ വീവ് പദ്ധതി)<br><br>6) കൈത്തറി ഗ്രാമം / സമഗ്ര കൈത്തറി ഗ്രാമം സ്ഥാപിക്കുക<br><br>7) കാഞ്ഞിരോട് കൈത്തറി ഗ്രാമം/ഹാന്റ്ലൂം വില്ലേജ്<br><br>8) കൈത്തറി നെയ്ത്ത്കാർക്കുള്ള ഇൻഷ്വറൻസ് പദ്ധതി<br><br>9) കൈത്തറി നെയ്ത്തുകാരുടെയും അനു ബന്ധ തൊഴിലാളികളുടെയും ആരോഗ്യ പരിപാടി (പുതിയ പദ്ധതി)<br><br>10) വിപണന - കയറ്റുമതി പ്രോത്സാഹനം<br><br>11) കൈത്തറി സംഘങ്ങളുടെ ആധുനിക വൽക്കരണവും മൂല്യ വർദ്ധിത ഉൽപ്പന്നങ്ങളുടെ പ്രോത്സാഹനവും.<br><br>12) പരിശീലന വൈദഗ്ധ്യ ശേഷി വികസന പരിപാടി<br><br>13) ദേശീയ കൈത്തറി വികസന പരിപാടി (എൻ.എച്ച് ഡി പി)<br><br>14) അംശദാനമിതവ്യയ പദ്ധതി.<br><br>15) റിബേറ്റ് പദ്ധതി<br><br>16) മാർക്കറ്റിംഗ് ഇൻസെന്റീവ്<br><br>17) സ്മാൾ ക്ലസ്റ്റർ ഡെവലപ്മെന്റ് പ്രോഗ്രാം.<br><br>18) കേരള കൈത്തറി ബ്രാൻഡിംഗ് & ‘ക' എന്ന ലോഗോ<br><br>19) നാട്ടുകാണി ടെക്സ്റ്റൈൽ ഡൈയിംഗ് ആന്റ് പ്രിന്റിംഗ് സെന്റർ.<br><br>20) ഡിസൈൻ സ്റ്റുഡിയോ |

സെക്ഷൻ ഓഫീസർ